പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1925 **26-10-2026-ൽ മറുപടിയ്ക്ക്**

ഖാദി കേന്ദ്രങ്ങളുടെ ഉന്നമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ ഖാദി കേന്ദ്രങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

മറുപടി: കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള വകുപ്പുതല കേന്ദ്രങ്ങളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചർക്ക-തറി ഘടകങ്ങൾ വാങ്ങൽ, തൊഴിലാളി പരിശീലനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 170 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ബോർഡിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും വികസനത്തിനായി അനുവദിച്ച 85 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്തു. ഖാദി തൊഴിലാളികളുടെ ക്ഷേമത്തിനായി ഓണത്തിന് 2,000 രൂപ വീതം ഉത്സവബത്ത നൽകിയതിനൊപ്പം, ഉല്പാദന ഇൻസെന്റീവ് 2025-26 നാലാം പാദം വരെയും തൊഴിൽ വകുപ്പ് മുഖേനയുള്ള ഇൻകം സപ്പോർട്ട് 2026 ജൂലൈ വരെയും വിതരണം ചെയ്തിട്ടുണ്ട്. നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കുമുള്ള ഉൽപ്പാദന പ്രോത്സാഹനത്തിനും ഉത്സവബത്തയ്ക്കുമായി 660 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 132 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഖാദി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എം.എൽ.എ. എ.ഡി.എസ്., എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി ഖാദി ഉല്പാദന കേന്ദ്രങ്ങൾ പുതുതായി സ്ഥാപിക്കുന്നതും നിലവിലുള്ള ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള ഉല്പാദന പ്രവർത്തനങ്ങളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ